**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5578** **03-11-2021 - ൽ മറുപടിയ്ക്ക്**

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിരീക്ഷണകാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 16.02.2011 ലെ ജി.ഒ.(പി ) നം. 44/2011/തസ്വഭവ. നമ്പർ സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തുന്നതിനായി 16.06.2017-ൽ ഇറക്കിയ ജി.ഒ.(എം.എസ്.) നം. 112/2017/തസ്വഭവ. നമ്പർ ഉത്തരവിൽ പിഴവ് സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2013-ൽ അക്കൗണ്ട് ടെസ്റ്റ് ഹയറും എം.ഒ.പി. യും പാസ്സായ വ്യക്തി 2019-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിതനായാൽ ടിയാന് നിരീക്ഷണകാലം പൂർത്തിയാക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് വിജയിക്കേണ്ടതുണ്ടോ; | (ബി) | 16.02.2011-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് ടി തീയതിക്ക് മുമ്പായി അക്കൗണ്ട് ടെസ്റ്റ് (ലോവർ/ ഹയർ) പാസ്സായിട്ടുള്ളപക്ഷം അവരുടെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് ഫോർ എക്സിക്യൂട്ടീവ് ഓഫീസർ ടെസ്റ്റ് വിജയിക്കേണ്ടതില്ല. |
| (സി) | സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തി 2017-ൽ ഉത്തരവ് ഇറക്കുന്നതിന് നിയമ വകുപ്പിന്റെയോ ഉദ്യോഗസ്ഥ ഭരണപരിഷ്കരണ വകുപ്പിന്റെയോ ഉപദേശം തേടിയിരുന്നോ; | (സി) | സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തി 16/6/2017-ൽ ഉത്തരവ് ഇറക്കുന്നതിന് ഇആർബി1/96/2015/ തസ്വഭവ നമ്പർ ഫയലിൽ നിയമവകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും ഉപദേശം തേടിയിട്ടുള്ളതാണ്. |
| (ഡി) | 2018-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പ്രവേശിച്ചവരുടെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനുള്ള അപേക്ഷ, അക്കൗണ്ട് ടെസ്റ്റ് ഹയർ, എം.ഒ.പി. യോഗ്യതകൾ സ്പെഷ്യൽ റൂൾ ഇറങ്ങിയതിന് മുമ്പ് ആർജ്ജിച്ചതല്ല എന്ന കാരണത്താൽ നിരസിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 2018-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പ്രവേശിച്ചവരുടെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനുള്ള അപേക്ഷ, അക്കൗണ്ട് ടെസ്റ്റ് ഹയർ, എം.ഒ.പി. യോഗ്യതകൾ സ്പെഷ്യൽ റൂൾ ഇറങ്ങിയതിന് മുമ്പ് ആർജ്ജിച്ചതല്ല എന്ന കാരണത്താൽ സർക്കാരിൽ നിന്നും നിരസിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ